# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്—അധികാരവികേന്ദ്രീകരണം—മൃഗസംരക്ഷണ വകുപ്പിൽനിന്നുമുള്ള മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പുനർവിന്യസിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇ ആർ എ) വകുപ്പ്

**സ. ഉ. (അ) നമ്പർ 99/2017/തസ്വഭവ.** **തിരുവനന്തപുരം, 2017 ഡിസംബർ 13.**

പരാമർശം :—1. സ. ഉ. (അ) നമ്പർ 187/2000/തസ്വഭവ, തീയതി 4-7-2000.

2. സ. ഉ. (അ) നമ്പർ 131/2012/തസ്വഭവ, തീയതി 16-5-2012.
3. സ. ഉ. (അ) നമ്പർ 254/2015/തസ്വഭവ, തീയതി 31-7-2015.
4. 17-4-2017, 19-5-2017, 26-5-2017, 24-7-2017 തീയതികളിലെ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ കെ3.1599/17/ജീ.കാ/എ.എ & ഡി നമ്പർ കത്തുകൾ.
5. 11-7-2017-ലെ പഞ്ചായത്ത് ഡയറക്ടറുടെ ഇ9-1095/17 നമ്പർ കത്ത്.
6. 7-7-2017, 22-9-2017 തീയതികളിലെ ഗ്രാമവികസന കമ്മീഷണറുടെ സിആർഡി/1369/17/എസ്റ്റാ.സി.3 നമ്പർ കത്തുകൾ.
7. 11-7-2017, 17-11-2017 തീയതികളിലെ നഗരകാര്യ ഡയറക്ടറുടെ ഇ6-15217/17 നമ്പർ കത്തുകൾ.
8. 4-10-2017-ലെ പഞ്ചായത്ത് ഡയറക്ടറുടെ ഇ9-24417/17 നമ്പർ കത്ത്.
9. 5-12-2017-ലെ ശ്രീ. സ്റ്റാൻലി വില്യം സമർപ്പിച്ച നിവേദനം.

## ഉത്തരവ്

അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ഉത്തരവാദിത്തങ്ങളും ചുമതലകളും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനാവശ്യമായ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരെ താഴെപ്പറയുന്ന വകുപ്പുകളിൽനിന്നും രണ്ടുവർഷ കാലയളവിലേക്ക് പരാമർശം (2), (3) ഉത്തരവുകൾ പ്രകാരം പുനർവിന്യസിക്കുകയുണ്ടായി.

1. കൃഷി
2. മണ്ണ് സംരക്ഷണം
3. പൊതുമരാമത്ത്
4. ഗ്രാമവികസനം
5. മൃഗസംരക്ഷണം
6. വ്യവസായം

2. ഇപ്രകാരം പുനർവിന്യസിച്ച ജീവനക്കാരുടെ നിയമന കാലാവധി അവസാനിച്ചതിനാൽ പരാമർശം (4)-ലെ കത്തുമുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പുതുതായി പുനർവിന്യസിക്കേണ്ടവരുടെയും തുടരുവാൻ ആഗ്രഹിക്കുന്നവരുടെയും മാതൃവകുപ്പിലേക്ക് തിരിച്ചുപോകുന്നവരുടെയും പട്ടിക മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ സമർപ്പിക്കുകയുണ്ടായി.

3/4437/2017/S-2.

3. പരാമർശം (2), (3) ഉത്തരവുകൾ പ്രകാരം ഗ്രാമപഞ്ചായത്ത്/ജില്ലാ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പുനർവിന്യസിച്ചിട്ടുള്ള മൃഗസംരക്ഷണ വകുപ്പിലെ ജീവനക്കാരുടെ പുനർവിന്യാസ കാലാവധി അവസാനിച്ചതിനാൽ മാതൃവകുപ്പിലേക്ക് മടങ്ങിപ്പോകാൻ വകുപ്പ് അദ്ധ്യക്ഷന് അപേക്ഷ സമർപ്പിച്ചിരുന്ന ജീവനക്കാരെ അനുബന്ധം 1-ലെ പട്ടികയിൽ പ്രതിപാദിക്കും പ്രകാരം വിടുതൽ ചെയ്യുന്നതിന് അനുമതി നൽകിക്കൊണ്ടും ഗ്രാമ പഞ്ചായത്ത്/ബ്ലോക്ക്പഞ്ചായത്ത്/ജില്ലാപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവിടങ്ങളിൽ പുനർ വിന്യാസത്തിൽ തുടരാനാഗ്രഹിക്കുന്ന മൃഗസംരക്ഷണ വകുപ്പിലെ പുനർവിന്യാസ ജീവനക്കാർക്ക് അനുബന്ധം 2-ലെ പട്ടികയിൽ പ്രതിപാദിക്കും പ്രകാരം രണ്ടുവർഷംകൂടി പുനർവിന്യാസ കാലാവധി ദീർഘിപ്പിച്ചു നൽകിക്കൊണ്ടും, പുതുതായി പുനർവിന്യസിക്കേണ്ട ജീവനക്കാരെ അനുബന്ധം 3-ലെ പട്ടികയിൽ പ്രതിപാദിക്കും പ്രകാരം ജില്ലാപഞ്ചായത്ത്/ബ്ലോക്ക്പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവിടങ്ങളിലെ നിലവിലുള്ള പുനർവിന്യാസ ഒഴിവുകളിൽ പുനർവിന്യസിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. **ഗ്രാമപഞ്ചായത്തിൽ ജോലിചെയ്തുവരുന്ന പുനർവിന്യാസ ജീവനക്കാരെ പി.എസ്.സി.വഴി നിയമനം ലഭിച്ച ആളുകൾ എത്തുന്ന മുറയ്ക്ക് മാതൃവകുപ്പിലേക്ക് തിരികെ അയയ്ക്കുന്നതിനുള്ള നടപടി പഞ്ചായത്ത് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.**

5. ഈ ഉത്തരവ് പ്രകാരം പുനർവിന്യസിക്കപ്പെടുന്നവരുടെ നിയമന കാലാവധി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ 2 വർഷക്കാലമാണ്. **പുനർവിന്യാസ കാലാവധി അവസാനിച്ചുകഴിഞ്ഞാൽ പുനർവിന്യാസ ജീവനക്കാരെ മാതൃവകുപ്പിലേക്ക് തിരികെ പ്രവേശിപ്പിക്കുന്നതിനും പുതിയ ജീവനക്കാരെ പുനർവിന്യസിച്ചുകൊണ്ടുമുള്ള പ്രൊപ്പോസൽ വകുപ്പദ്ധ്യക്ഷൻ സർക്കാർ മുമ്പാകെ സമർപ്പിക്കേണ്ടതാണ്.** അനുബന്ധം 3 പ്രകാരം പകരം ജീവനക്കാരെ നിയമിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ അവർ ഹാജരാകുന്ന മുറയ്ക്ക് മാത്രമേ മാതൃവകുപ്പിലേക്ക് തിരിച്ചുപോകാൻ അർഹതയുള്ളവരെ വിടുതൽ ചെയ്യാൻ പാടുള്ളു.

6. **ഈ ഉത്തരവിലെ അനുബന്ധം 3-ലെ പട്ടികയിൽ പ്രതിപാദിക്കുന്ന ജീവനക്കാരെ അതാത് വകുപ്പു തലവൻമാർ 20-1-2018-നുമുൻപ് ഓരോരുത്തരുടെയും പേരിനൊപ്പം ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കുവാൻ സാധിക്കുംവിധം യാതൊരു വീഴ്ചയും കൂടാതെ കർശനമായി വിടുതൽ ചെയ്യേണ്ടതാണ്.** വിടുതൽ ചെയ്യുന്നതിനായി അനുബന്ധം 4-ലെ മാതൃകാ വിടുതൽ ഉത്തരവ് ഉപയോഗിക്കേണ്ടതാണ്. ഇപ്രകാരം വിടുതൽ ചെയ്യപ്പെടുന്ന ഉദ്യോഗസ്ഥർ നിശ്ചിത ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി മുമ്പാകെ ഹാജരാകേണ്ടതും സെക്രട്ടറി അവർക്ക് ജോലി ചെയ്യുന്നതിനുവേണ്ട ക്രമീകരണങ്ങൾ ചെയ്തുകൊടുക്കേണ്ടതുമാണ്.

7. **പുനർവിന്യാസ നിയമനത്തിനായി നിലവിൽ ഒഴിവില്ലാത്ത സ്ഥലങ്ങളിലേക്ക് ഓപ്ഷൻ നൽകിയ ജീവനക്കാരിൽനിന്നും പുതിയ ഓപ്ഷൻ വാങ്ങി അടിയന്തരമായി സമർപ്പിക്കുവാൻ മൃഗസംരക്ഷണ വകുപ്പു ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നു.**

8. ഈ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കുന്നതിനായി നിയമനം ലഭിച്ചവരെ വിടുതൽ ചെയ്യുന്നതിന് മുമ്പായി വിടുതൽ ചെയ്യപ്പെടുന്ന ജീവനക്കാരന് പരാമർശം 1-ലെ സർക്കാർ ഉത്തരവിൽ വ്യവസ്ഥചെയ്തിട്ടുള്ള പ്രകാരം അയാളുടെ ശമ്പളം അയാൾ നിയമിക്കപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ഏറ്റവും അടുത്തുള്ള മാതൃവകുപ്പിന്റെ ഏറ്റവും താഴത്തെ തട്ടിലെ ഡ്രോയിംഗ് ഓഫീസറിൽ (ഓഫീസിൽ) നിന്നും കൈപ്പറ്റാനാവശ്യമായ ക്രമീകരണങ്ങൾ ബന്ധപ്പെട്ട വകുപ്പുതലവൻ ചെയ്യേണ്ടതാണ്. യാതൊരു കാരണവശാലും നിശ്ചിത സമയത്ത് ശമ്പളം ലഭിക്കാത്ത അവസ്ഥ ഉണ്ടാകാതിരിക്കുവാൻ വകുപ്പ് തലവൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

9. **മേൽ പരാമർശിച്ചിരിക്കുന്നവയിൽ സംഭവിക്കുന്ന വീഴ്ചകൾ സർക്കാർ അതീവ ഗൗരവത്തോടെ വീക്ഷിക്കുന്നതാണ്.**

10. ഈ ഉത്തരവ് പ്രകാരം ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നിയമിക്കപ്പെട്ടവർ ജോലിക്ക് ഹാജരാകുന്നത് സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി അന്നേ ദിവസം തന്നെ ബന്ധപ്പെട്ട വകുപ്പുതലവനും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കും പഞ്ചായത്ത് ഡയറക്ടർക്കും/മുനിസിപ്പൽ ഭരണ ഡയറക്ടർക്കും/അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർക്കും ഗ്രാമവികസന കമ്മീഷണർക്കും ബന്ധപ്പെട്ട ട്രഷറി ഓഫീസർമാർക്കും മറ്റ് ബന്ധപ്പെട്ടവർക്കും റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന റിപ്പോർട്ടുകൾ ക്രോഡീകരിച്ച് പഞ്ചായത്ത് ഡയറക്ടർ/മുനിസിപ്പൽ ഭരണ ഡയറക്ടർ/ ഗ്രാമവികസന കമ്മീഷണർ ഒരാഴ്ചയ്ക്കുള്ളിൽ സാമാഹൃത റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിക്കും ട്രഷറി ഡയറക്ടർക്കും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്കും മറ്റ് ബന്ധപ്പെട്ടവർക്കും എത്തിച്ചു കൊടുക്കേണ്ടതാണ്.

11. ഈ ഉത്തരവ് പ്രകാരം നിയമനം ലഭിച്ചവരുടെ ജോലികൾ സംബന്ധിച്ച് പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി നിർദ്ദേശിക്കുന്ന ക്ലറിക്കൽ ജോലികൾ ചെയ്യുവാൻ നിയമനം ലഭിക്കുന്നവർ ബാദ്ധ്യസ്ഥരാണ്.

12. 1994-ലെ കേരള പഞ്ചായത്ത് രാജ്, കേരള മുനിസിപ്പാലിറ്റി ആക്റ്റുകളിലെ വ്യവസ്ഥകൾ പ്രകാരമുള്ള "ഉദ്യോഗസ്ഥരുടെ മേലുള്ള നിയന്ത്രണം" സംബന്ധിച്ച ചട്ടങ്ങൾ ഈ ഉദ്യോഗസ്ഥർക്കും ബാധകമാണ്.

13. ഈ ഉത്തരവ് പ്രകാരം പുനർവിന്യസിക്കപ്പെടുന്ന ജീവനക്കാർ അവരുടെ കൃത്യനിർവ്വഹണത്തിൽ വരുത്തുന്ന വീഴ്ചകളും അവരുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച പരാതികളും മറ്റും അതത് തദ്ദേശസ്വയംഭരണ സ്ഥാപനാധികൃതർ വ്യക്തമായി തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഇത്തരം കാര്യങ്ങളിൽ സർക്കാർ ബന്ധപ്പെട്ട വകുപ്പ് അധികൃതരുമായി ചർച്ച ചെയ്ത് വേണ്ട തീരുമാനം കൈക്കൊള്ളുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

സന്തോഷ് കുമാർ, എസ്. ആർ.,
*ഡെപ്യൂട്ടി സെക്രട്ടറി.*

ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ബന്ധപ്പെട്ട ജില്ലാ പഞ്ചായത്ത് അദ്ധ്യക്ഷൻമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന).

ബന്ധപ്പെട്ട മുനിസിപ്പൽ/കോർപ്പറേഷൻ അദ്ധ്യക്ഷൻമാർക്കും സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന).

ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് അദ്ധ്യക്ഷൻമാർക്കും സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന).

ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് അദ്ധ്യക്ഷൻമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം/തൃശ്ശൂർ.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് ഡയറക്ടർ, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

സംസ്ഥാന പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെയും മറ്റ് സർക്കാർ വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിന്).

മൃഗസംരക്ഷണ വകുപ്പ്.

വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

അനുബന്ധം 1

## കൃഷി (മൃഗസംരക്ഷണം) വകുപ്പ്

### മാതൃവകുപ്പിലേക്ക് തിരിച്ചുപോകുന്നവർ

| *ക്രമ നമ്പർ* | *പേര്* | *തസ്തിക* | *ഇപ്പോൾ ജോലിനോക്കുന്ന ഓഫീസ് മേൽവിലാസം* |
|---|---|---|---|
| 1 | ജോവിൻ ജോർജ്ജ് | ക്ലാർക്ക് | വടവുകോട് ഗ്രാമപഞ്ചായത്ത് |
| 2 | സജേഷ് മുരളി | ,, | മാറാടി ഗ്രാമപഞ്ചായത്ത് |
| 3 | അരുൺദാസ്, എസ്. | ,, | തിരുവനന്തപുരം കോർപ്പറേഷൻ |
| 4 | രജനീഷ്, വി. പി. | ,, | കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്ത് |
| 5 | പ്രസീദ് കുമാർ, കെ. | ,, | പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്ത് |
| 6 | അജിത്ത്, ആർ. | ,, | പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത് |
| 7 | ജഗൽ പ്രസാദ്, റ്റി. | ,, | മാറനല്ലൂർ ഗ്രാമപഞ്ചായത്ത് |
| 8 | തുളസീധരൻ, എൻ. | ,, | പന്തളം ബ്ലോക്ക് പഞ്ചായത്ത് |
| 9 | ബിനി, ഡി. | ,, | കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് |
| 10 | സുജിത്ത്, എസ്. | സീനിയർ ക്ലാർക്ക് | ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് |
| 11 | ദിവ്യ, എസ്. | ,, | കടക്കരപ്പള്ളി ഗ്രാമപഞ്ചായത്ത് |
| 12 | രഞ്ജിത്ത് രാജ് | ക്ലാർക്ക് | ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് |
| 13 | ഷിബു ജോർജ്ജ്, റ്റി. | ,, | ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് |
| 14 | അനീഷ്, കെ. പി. | സീനിയർ ക്ലാർക്ക് | മലപ്പട്ടം ഗ്രാമപഞ്ചായത്ത് |
| 15 | ജോഷി ജോസഫ് | ,, | കടപ്ലാമറ്റം ഗ്രാമപഞ്ചായത്ത് |

അനുബന്ധം 2

## കൃഷി (മൃഗസംരക്ഷണം) വകുപ്പ്

### പുനർവിന്യാസത്തിൽ തുടരാൻ ആഗ്രഹിക്കുന്നവർ

| *ക്രമ നമ്പർ* | *പേര്* | *തസ്തിക* | *ഇപ്പോൾ ജോലിനോക്കുന്ന ഓഫീസ് മേൽവിലാസം* | *നിയമനം നൽകിയിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിലാസം (ജില്ല)* |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | അബ്ദുൾ ലത്തീഫ്, എസ്. | ക്ലാർക്ക് | കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് | കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് |
| 2 | റിയാസ്, ഇ. | സീനിയർ ക്ലാർക്ക് | പള്ളിക്കൽ ഗ്രാമപഞ്ചായത്ത് | തിരുവനന്തപുരം കോർപ്പറേഷൻ |
| 3 | മനോജ്, എം. | ക്ലാർക്ക് | തിരുവനന്തപുരം കോർപ്പറേഷൻ | തിരുവനന്തപുരം കോർപ്പറേഷൻ |
| 4 | ഗായത്രി സതീഷ്, ആർ. | സീനിയർ ക്ലാർക്ക് | കല്ലിയൂർ ഗ്രാമപഞ്ചായത്ത് | കല്ലിയൂർ ഗ്രാമപഞ്ചായത്ത് |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 5 | രശ്മി, കെ. ആർ. | ക്ലാർക്ക് | കാറളം ഗ്രാമപഞ്ചായത്ത് | കാറളം ഗ്രാമപഞ്ചായത്ത് |
| 6 | അനിൽകുമാർ, പി. | സീനിയർ ക്ലാർക്ക് | തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത് | തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത് |
| 7 | ശ്രീജിത്ത്, എ. എസ്. | ക്ലാർക്ക് | ഓച്ചിറ ഗ്രാമപഞ്ചായത്ത് | ഓച്ചിറ ഗ്രാമപഞ്ചായത്ത് |
| 8 | ചിത്ര, എം. | സീനിയർ ക്ലാർക്ക് | ജില്ലാ പഞ്ചായത്ത്, കോട്ടയം | ജില്ലാ പഞ്ചായത്ത്, കോട്ടയം |
| 9 | തോമസ്, പി. പി. | ,, | ബ്ലോക്ക് പഞ്ചായത്ത്, എറണാകുളം | ബ്ലോക്ക് പഞ്ചായത്ത്, എറണാകുളം |
| 10 | ജിജേഷ് തോമസ് | ക്ലാർക്ക് | ജില്ലാ പഞ്ചായത്ത്, ഇടുക്കി | ജില്ലാ പഞ്ചായത്ത്, ഇടുക്കി |
| 11 | സുനിൽ കുമാർ, എസ്. | സീനിയർ ക്ലാർക്ക് | പരവൂർ മുനിസിപ്പാലിറ്റി | പരവൂർ മുനിസിപ്പാലിറ്റി |
| 12 | അമ്പിളി, എൽ. | ക്ലാർക്ക് | ജില്ലാ പഞ്ചായത്ത്, തിരുവനന്തപുരം | ജില്ലാ പഞ്ചായത്ത്, തിരുവനന്തപുരം |
| 13 | ബിനു, ആർ. | ,, | ചിതറ ഗ്രാമപഞ്ചായത്ത് | ചിതറ ഗ്രാമപഞ്ചായത്ത് |
| 14 | സരസ്വതി, കെ. കെ. | ,, | ജില്ലാ പഞ്ചായത്ത്, പാലക്കാട് | ജില്ലാ പഞ്ചായത്ത്, പാലക്കാട് |
| 15 | പ്രവീൺ, കെ. ജി. | ,, | തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്ത് | തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്ത് |
| 16 | മുഹമ്മദ് ബഷീർ, കെ. എം. | സീനിയർ ക്ലാർക്ക് | ജില്ലാ പഞ്ചായത്ത്, മലപ്പുറം | ജില്ലാ പഞ്ചായത്ത്, മലപ്പുറം |
| 17 | ഷീജ, വി. എം. | ക്ലാർക്ക് | ഉണ്ണിക്കുളം ഗ്രാമപഞ്ചായത്ത് | ഉണ്ണിക്കുളം ഗ്രാമപഞ്ചായത്ത് |
| 18 | അനിത, റ്റി. ജെ. | സീനിയർ ക്ലാർക്ക് | കുന്നമംഗലം ഗ്രാമപഞ്ചായത്ത് | കുന്നമംഗലം ഗ്രാമപഞ്ചായത്ത് |
| 19 | പ്രദീപൻ, എം. കെ. | ,, | ബ്ലോക്ക് പഞ്ചായത്ത്, തോടന്നൂർ | ബ്ലോക്ക് പഞ്ചായത്ത്, തോടന്നൂർ |
| 20 | ശരത്ത്, എം. | ക്ലാർക്ക് | ബ്ലോക്ക് പഞ്ചായത്ത്, ബാലുശ്ശേരി | ബ്ലോക്ക് പഞ്ചായത്ത്, ബാലുശ്ശേരി |
| 21 | സന്ധ്യ, പി. കെ. | ,, | ജില്ലാ പഞ്ചായത്ത്, കണ്ണൂർ | ജില്ലാ പഞ്ചായത്ത്, കണ്ണൂർ |
| 22 | കദീജത്ത് സഫീദ, കെ. എ. | ,, | ജില്ലാ പഞ്ചായത്ത് കാസർഗോഡ് | ജില്ലാ പഞ്ചായത്ത്, കാസർഗോഡ് |
| 23 | ജിതിൻജിത്ത്, യു. എം. | സീനിയർ ക്ലാർക്ക് | ചോറോട് ഗ്രാമപഞ്ചായത്ത്, | ചോറോട് ഗ്രാമപഞ്ചായത്ത് |
| 24 | റഫീക്ക്, എം. | ക്ലാർക്ക് | പള്ളിക്കര ഗ്രാമപഞ്ചായത്ത് | പള്ളിക്കര ഗ്രാമപഞ്ചായത്ത് |

അനുബന്ധം 3

## കൃഷി (മൃഗസംരക്ഷണം) വകുപ്പ്

## പുതുതായി പുനർവിന്യസിക്കുന്നവർ

| ക്രമ നമ്പർ | പേര് | തസ്തിക | ഇപ്പോൾ ജോലിനോക്കുന്ന ഓഫീസ് മേൽവിലാസം | നിയമനം നൽകിയിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിലാസം (ജില്ല) |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | ലിനീഷ്, പി. | ക്ലാർക്ക് | മൃഗസംരക്ഷണ ഡയറക്ടറേറ്റ്, തിരുവനന്തപുരം. | വടകര മുൻസിപ്പാലിറ്റി, കോഴിക്കോട്. |
| 2 | ബിനോയ്, എം. | സീനിയർ ക്ലാർക്ക് | ജില്ലാ ലൈവ്സ്റ്റോക്ക് ഫാം, കുടപ്പനക്കുന്ന്, തിരുവനന്തപുരം. | പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത്, തിരുവനന്തപുരം. |
| 3 | രഞ്ജിത്ത്, ആർ. ജി. | ക്ലാർക്ക് | എസ്.എൽ.ബി.പി. (ഹെഡ് ക്വാർട്ടേഴ്സ്), തിരുവനന്തപുരം. | ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് തിരുവനന്തപുരം. |
| 4 | ഷൈനു, എസ്. ആർ. | ,, | ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസ്, പാലോട്, തിരുവനന്തപുരം. | ആറ്റിങ്ങൽ മുനിസിപ്പാലിറ്റി തിരുവനന്തപുരം. |
| 5 | വിദ്യാ നായർ, ബി. എസ്. | ,, | ജില്ലാ മൃഗസംരക്ഷണ ഓഫീസ്, തിരുവനന്തപുരം. | ജില്ലാ പഞ്ചായത്ത് തിരുവനന്തപുരം. |
| 6 | സ്റ്റാൻലി വില്യം | ,, | മൃഗസംരക്ഷണ ഡയറക്ടറേറ്റ്, തിരുവനന്തപുരം. | മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് വയനാട്. |
| 7 | ശ്രീകുമാരി, വി. കെ. | ,, | ഫീഡ് കമ്പോണ്ടിംഗ് ഫാക്ടറി, സെൻട്രൽ ഹാച്ചറി, ചെങ്ങന്നൂർ ആലപ്പുഴ. | മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് ആലപ്പുഴ. |
| 8 | അർച്ചന, പി. എസ്. | ,, | ആനിമൽ ഡിസീസ് കൺട്രോൾ പ്രോജക്ട്, ആലപ്പുഴ. | ആലപ്പുഴ, ജില്ലാ പഞ്ചായത്ത്. |
| 9 | ഫ്രാൻസിസ്, എം. എ. | ,, | ജില്ലാ മൃഗസംരക്ഷണ ഓഫീസ്, തൃശ്ശൂർ. | വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത്, തൃശ്ശൂർ. |
| 10 | സന്ധ്യ, എം. | സീനിയർ ക്ലാർക്ക് | റീജിയണൽ ആനിമൽ ഹസ്ബൻഡ്രി സെന്റർ, ചാലക്കുടി, തൃശ്ശൂർ. | ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത്, തൃശ്ശൂർ. |
| 11 | സർഫറാസ് | ,, | വെറ്ററിനറി പോളി ക്ലിനിക്ക് മഞ്ചേരി, മലപ്പുറം. | അരീക്കോട് ബ്ലോക്ക് പഞ്ചായത്ത്, മലപ്പുറം. |
| 12 | സിന്ധു, കെ. | ക്ലാർക്ക് | ഇന്റൻസീവ് ക്യാറ്റിൽ ഡെവലപ്മെന്റ് പ്രോജക്ട്, കോഴിക്കോട്. | കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്ത്, കോഴിക്കോട്. |

## അനുബന്ധം 4

### (വിടുതൽ ഉത്തരവിന്റെ മാതൃക)

പ്രൊസീഡിംഗ്സ്/മെമ്മോ/ഓർഡർ നമ്പർ........................................ തീയതി................................

................................ നമ്പർ സർക്കാർ ഉത്തരവു പ്രകാരം പുനർവിന്യാസത്തിനു വിധേയനായി/വിധേയയായി ........................................................................................................................................ ജില്ലയിലെ ........................................................................................................ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തിൽ/ മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷനിൽ ജോലിക്ക് ഹാജരാകുന്നതിന് ........................................ ........................................................................................................................................ ........................................................................................................................................ ........................................................................................................................ (ഇപ്പോൾ ജോലി നോക്കുന്ന സ്ഥാപനത്തിന്റെ പേരും മേൽവിലാസവും)-ലെ യു.ഡി./എൽ.ഡി. ക്ലാർക്ക് ശ്രീ./ശ്രീമതി................................................................................................................................/ ...................................../F.N./A.N.-ന് ഈ ഓഫീസിൽ നിന്നും വിടുതൽ ചെയ്തുകൊള്ളുന്നു.

2. ........................................................................................ മുതലുള്ള ഇവരുടെ/ഇദ്ദേഹത്തിന്റെ ശമ്പളവും ബത്തകളും ........................................................................................................................................ വകുപ്പിന്റെ ............................................................................................................ ഓഫീസിൽ നിന്നും കൈപ്പറ്റേണ്ടതാണ്.

3. (ജില്ല/ബ്ലോക്ക്/ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷൻ) സെക്രട്ടറി ഇവർ/ഇദ്ദേഹം ജോലിയിൽ പ്രവേശിച്ചത് സംബന്ധിച്ച റിപ്പോർട്ട് മടക്കത്തപാലിൽ ഈ ഓഫീസിലും ബന്ധപ്പെട്ട മറ്റെല്ലാവർക്കും എത്തിച്ചുകൊടുക്കേണ്ടതാണ്.

(ഒപ്പ്)

*വകുപ്പുതലവൻ/വിടുതൽ നൽകാൻ ചുമതലപ്പെട്ട/*
*ബാദ്ധ്യസ്ഥനായ ഉദ്യോഗസ്ഥന്റെ പേരും തസ്തികയും.*